# ആമുഖം

**പ്രിയപ്പെട്ടവരെ,**

ഏറത്ത് ഗ്രാമപഞ്ചായത്തിൻറെ 2022-23 സാമ്പത്തിക വർഷത്തെ ബജറ്റ് വളരെയേറെ ചർച്ചകൾക്കും, നിർദ്ദേശങ്ങൾക്കും, യോഗങ്ങൾക്കും ശേഷം തയ്യാറാക്കിയിരിക്കുകയാണ്. നമ്മുടെ ഗ്രാമപഞ്ചായത്തിൻറെ സുസ്ഥിര വികസനം ലക്ഷ്യമിട്ടുള്ള ദീർഘവീക്ഷണത്തോടെയുള്ള കർമ്മ പദ്ധതിയും വികസന തന്ത്രവും നയസമീപനവും നവീന ആശയങ്ങളും ഉൾപ്പെടുത്തി വിഭവങ്ങളുടെ കാര്യക്ഷമവും ഫലപ്രദവുമായ വിനിയോഗത്തിന് ജനകീയ പങ്കാളിത്തത്തോടെയും ചിട്ടയായ ആസൂത്രണത്തോടെയും പ്രായോഗിക തലത്തില് യാഥാർത്ഥ്യ ബോധത്തോടെയും തയ്യാറാക്കിയ ബജറ്റാണ് തയ്യാറാക്കിയിട്ടുള്ളത്.

മുൻഗണന അർഹിക്കുന്ന മേഖലകളായ കാർഷിക മേഖല, ആരോഗ്യമേഖല , പാർപ്പിട നിർമ്മാണം, കുടിവെള്ള വിതരണം എന്നിവയ്ക്ക് കൂടുതൽ പ്രാധാന്യം നൽകിയും അതിനോടൊപ്പം തന്നെ പശ്ചാത്തല വികസനം, വയോജന ക്ഷേമം, പട്ടികജാതി ക്ഷേമം, ഊർജ്ജ സംരക്ഷണം, സ്ത്രീ ശാക്തീകരണം എന്നീ മേഖലകളും പരിഗണിച്ചുകൊണ്ടാണ് ഈ ബജറ്റ് തയ്യാറാക്കിയിട്ടുള്ളത്.

നമുക്ക് ഒറ്റക്കെട്ടായി പ്രതിസന്ധികളെ തരണം ചെയ്ത് ഈ ബജറ്റ് ഒരു യാഥാർത്ഥ്യം ആക്കുന്നതിന് എല്ലാ ജനപ്രതിനിധികളുടേയും, ഉദ്യോഗസ്ഥരുടേയും മറ്റെല്ലാവരുടേയും സഹകരണം അഭ്യർത്ഥിക്കുന്നു.

സ്നേഹാദരങ്ങളോടെ,

(ഒപ്പ്)

വടക്കടത്തുകാവ്
23/03/2022

സന്തോഷ് ചാത്തന്നുപ്പുഴ
പ്രസിഡൻറ്
ഏറത്ത് ഗ്രാമപഞ്ചായത്ത്

# 2022-2023 ബജറ്റ് സംഗ്രഹം

പ്രിയപ്പെട്ടവരെ,

"**കാലത്തിനൊപ്പം കരുതലോടെ, നാടിനൊപ്പം നേരോടെ**" എന്നുള്ള മുദ്രാവാക്യം ഉയർത്തി, "**അഴിമതി രഹിത സദ്ഭരണം**" കാഴ്ച വയ്കുക എന്ന ലക്ഷ്യത്തോടെ ഈ ഭരണസമിതി അധികാരത്തിലേറിയ ശേഷമുള്ള2022-23 സാമ്പത്തിക വർഷത്തേക്കുള്ള ബജറ്റാണ് ഇവിടെ അവതരിപ്പിക്കുന്നത്. രണ്ടാമതൊരു ബജറ്റ് അവതരിപ്പിക്കാൻ കഴിഞ്ഞതിൽ എനിക്ക് അതിയായ സന്തോഷമുണ്ട്. അധികാര വികേന്ദ്രീകരണം നടപ്പാക്കിയതിനെ തുടർന്ന് പഞ്ചായത്തുകളുടെ പ്രവർത്തന മേഖല വിപുലമാകുകയും, ഉത്തരവാദിത്വങ്ങൾ വർദ്ധിച്ചിരിക്കുകയുമാണല്ലോ, മുൻ വർഷങ്ങളെ അപേക്ഷിച്ച് വളരെ പ്രതിസന്ധി നിറഞ്ഞ ഒരു സാഹചര്യത്തിലാണ് ഈ ബജറ്റ് തയ്യാറാക്കേണ്ടി വന്നത്.

കോവിഡ്-19 നമ്മുടെ സാമ്പത്തിക വ്യവസ്ഥയ്ക്ക് ഏൽപ്പിച്ച ആഘാതം വളരെ വലുതാണ്. തത്ഫലമായി നമുക്ക് നിലവിൽ ലഭ്യമായിട്ടുള്ള വിഭവങ്ങള് വളരെ പരിമിതമാണ്. എന്നാൽ നമ്മുടെ ഉത്തരവാദിത്വങ്ങള് മുൻകാലങ്ങളെ അപേക്ഷിച്ച് വർദ്ധിച്ചിരിക്കുകയാണ്. ലഭ്യമായ പരിമിത വിഭവങ്ങൾ പരമാവധി ജനക്ഷേമകരമായ രീതിയില് വിനിയോഗിച്ചുകൊണ്ട് എല്ലാ മേഖലകളോടും നീതി പുലർത്തുന്ന ഒരു ബജറ്റാണ് ഇന്നിവിടെ അവതരിപ്പിക്കാൻ പോകുന്നത്.

2022-23 വർഷത്തെ പ്രതീക്ഷിത വരവുകളും ചെലവുകളും ചുവടെ ചേർക്കുന്നു.

# ഏറത്ത് ഗ്രാമപഞ്ചായത്ത്

2022-2023 ബജറ്റ് സംഗ്രഹം

| | |
|---|---|
| മുൻബാക്കി | **6169662** |
| വരവ് | **253768000** |
| ആകെ വരവ് | **259937662** |
| ആകെ ചെലവ് | **252853000** |
| നീക്കി ബാക്കി | **7084662** |

# ഏറത്ത് ഗ്രാമപഞ്ചായത്ത്

2022-2023 ബജറ്റ് സംഗ്രഹം

## വരവുകൾ

| | |
|---|---|
| മുൻബാക്കി | 61,69,662 |
| നികുതി വരുമാനം | 1,18,60,000 |
| നികുതിയിതര വരുമാനം | 25,67,000 |
| ജനറൽ പർപ്പസ് ഗ്രാന്റ് | 1,30,00,000 |
| ദേശീയഗ്രാമീണ തൊഴിലുറപ്പ് പദ്ധതി വിഹിതം / കേന്ദ്രാവിഷ്കൃത പദ്ധതി വിഹിതം | 5,00,00,000 |
| വികസന ഫണ്ട് / SCP | 3,04,35,000 |
| മെയിന്റനൻസ് ഗ്രാന്റ് | 3,43,31,000 |
| ക്ഷേമ പദ്ധതികൾ / സംസ്ഥാനാവിഷ്കൃത പദ്ധതി വിഹിതം | 6,30,00,000 |
| ധനകാര്യകമ്മീഷൻ അവാർഡ് | 77,75,000 |
| ജില്ല / ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 1,71,00,000 |
| മറ്റുള്ളവ | 2,37,00,000 |
| **ആകെ വരവ്** | **25,99,37,662** |

# ഏറത്ത് ഗ്രാമപഞ്ചായത്ത്

2022-2023 ബജറ്റ് സംഗ്രഹം

## ചെലവുകൾ

| | |
|---|---|
| ജനപ്രതിനിധികളുടെ ഹോണറേറിയം, യാത്രാപ്പടി മറ്റ് ആനുകൂല്യങ്ങൾ | 23,75,000 |
| ജീവനക്കാരുടെ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും | 1,53,15,000 |
| ഓഫീസ് ചെലവുകൾ | 2,50,000 |
| തെരുവ് വിളക്കുകൾ | 13,25,000 |
| പൊതു ടാപ്പുകളുടെ വെള്ളക്കരം | 21,00,000 |
| മറ്റ് ഭരണചെലവുകൾ | 3,65,000 |
| ജനകീയാസൂത്രണ പദ്ധതി ചെലവുകൾ | 10,25,31,000 |
| തൊഴിലുറപ്പ് പദ്ധതി / മറ്റ് കേന്ദ്രാവിഷ്കൃത പദ്ധതികള് | 5,00,00,000 |
| ക്ഷേമ പെൻഷനുകൾ / സംസ്ഥാനാവിഷ്കൃത പദ്ധതി വിഹിതം | 6,30,00,000 |
| ജില്ലാ പഞ്ചായത്ത് വിഹിതം / ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 1,11,00,000 |
| മറ്റുള്ളവ | 44,92,000 |
| **ആകെ ചെലവ്** | **25,28,53,000** |
| **നീക്കിയിരിപ്പ്** | **70,84,662** |

ഉദ്പാദന മേഖലയിൽ **91,95,000** രൂപ ചെലവ് പ്രതീക്ഷിക്കുന്ന ബജറ്റണ് തയ്യാറാക്കിയിട്ടുള്ളത്. ഇതിൽ കൃഷി, മൃഗസംരക്ഷണം, ക്ഷീരവികസനം എന്നീ മേഖലകളിലെ പദ്ധതികള് ഉൾപ്പെടുത്തിയിരിക്കുന്നു. സുഭിക്ഷകേരളം പദ്ധതിയുടെ ഭാഗമായി തെങ്ങ്കൃഷി, പച്ചക്കറി കൃഷി, വാഴകൃഷി, കിഴങ്ങ് വിള, വെറ്റിലകൃഷി എന്നിവക്ക് 26,00,000 രൂപ വകയിരുത്തിയിട്ടുണ്ട്. മൃഗസംരക്ഷണവുമായി ബന്ധപ്പെട്ട് കന്നുകുട്ടി പരിപാലനം, കറവപശു വളർത്തൽ, പോത്തുകുട്ടി വളർത്തൽ, മുട്ടക്കോഴി വളർത്തൽ, ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി നൽകൽ എന്നീ പദ്ധതികൾക്കായി 31,20,000 രൂപ വകയിരുത്തിയിട്ടുണ്ട്.

സേവനമേഖലയിൽ 9,30,55,000 രൂപ ചെലവ് പ്രതീക്ഷിക്കുന്ന ബജറ്റാണ് തയ്യാറാക്കിയിട്ടുള്ളത്. കൂടാതെ വിവിധ ക്ഷേമപെൻഷനുകൾക്കുള്ള വിതരണത്തിനായി 6,30,00,000 രൂപ വകയിരുത്തിയിട്ടുണ്ട്. മുൻർഷത്തെപ്പോലെ തന്നെ ലൈഫ് മിഷൻ ഭവനപദ്ധതിക്കും പുതുതായി ഭവന പുനരുദ്ധാരണത്തിനും പ്രാധാന്യം നൽകുകയും അതിലേക്കായി 2,00,00,000 രൂപ വകയിരുത്തുകയും ചെയ്തിട്ടുണ്ട്.

ഗ്രാമപഞ്ചായത്ത് കെട്ടിടനിർമ്മാണം, എംസിഎഫ് നിർമ്മാണം, വഴിയോര വിശ്രമകേന്ദ്രം എന്നിവയുടെ നിർമ്മാണത്തിനായി 2,00,00,000 കോടി വകയിരുത്തിയിട്ടുണ്ട്.

നിലവിലെ സാഹചര്യത്തിൽ ഏറ്റവും കൂടുതല് പ്രാധാന്യം അർഹിക്കുന്ന മേഖലയാണ് ആരോഗ്യ മേഖല. കോവിഡ്-19ന്റെ മുന്നണി പോരാളികളായ ആരോഗ്യ പ്രവർത്തകരുടെ സേവനങ്ങളെ നന്ദിപൂർവ്വം സ്മരിച്ചുകൊണ്ട് ആരോഗ്യ മേഖലയ്ക്കായി 26,00,000 രൂപ വകയിരുത്തിയിരിക്കുന്നു. അലോപ്പതി, ആയൂർവേദം, ഹോമിയോപ്പതി എന്നീ മേഖലകളിൽ മരുന്ന് ലഭ്യമാക്കൽ, അവയുടെ പുനരുദ്ധാരണം, പകർച്ചവ്യാധി നിയന്ത്രണം, പാലിയേറ്റീവ് കെയർ പദ്ധതി നടപ്പാക്കൽ തുടങ്ങിയവയ്ക്കും തുക വകയിരുത്തിയിട്ടുണ്ട്.

വിദ്യാഭ്യാസ മേഖലയുടെ സമഗ്ര വികസനത്തിനായി എസ്.എസ്.എ യ്ക്ക് വിഹിതം നൽകല് ഉൾപ്പെടെ 13,05,000 രൂപ വകയിരുത്തിയിട്ടുണ്ട്. അഗതി ആശ്രയ ഗുണഭോക്താക്കളുടെയും, വൃദ്ധരുടേയും, ശാരീരിക മാനസീക വെല്ലുവിളികൾ നേരിടുന്നവരുടേയും ക്ഷേമത്തിനായി ഈ ബജറ്റില് 23,25,000 രൂപ വകയിരുത്തിയിട്ടുണ്ട്.

ശിശുക്ഷേമത്തിന്റെ ഭാഗമായി അങ്കണവാടി പോഷകാഹാരം, അങ്കണവാടി പുനരുദ്ധാരണം, പുതിയ കെട്ടിട നിർമ്മാണം എന്നീ പദ്ധതികള് നടപ്പിലാക്കുന്നതിനായി 29,50,000രൂപ വകയിരുത്തിയിട്ടുണ്ട്.

പട്ടികജാതി ക്ഷേമത്തിന് വളരെയധികം ഊന്നൽ നൽകുന്നതിന് പ്രത്യേകം ശ്രദ്ധ ചെലുത്തിയിട്ടുണ്ട്.

ഹരിത കർമ്മസേനയുടെ പ്രവർത്തനങ്ങള് ഊർജ്ജിതപ്പെടുത്തുന്നതിനും ശുചിത്വമേഘലയിലെ വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിനും 27,00,000രൂപ വകയിരുത്തിയിട്ടുണ്ട്.

പശ്ചാത്തലമേഖലയിൽ 3,20,81,000 രൂപ ചെലവ് പ്രതീക്ഷിക്കുന്ന ബജറ്റാണ് തയ്യാറാക്കിയിട്ടുള്ളത്. നിലവിൽ ലഭ്യമായിട്ടുള്ള മെയ്ന്റനൻസ് ഗ്രാൻഡ് കൂടാതെ തുടർന്ന് ലഭ്യമാകേണ്ട തുകകളും ധനകാര്യ കമ്മീഷൻ ഗ്രാൻഡും കൂടി കണക്കിലെടുത്തുകൊണ്ടാണ് പശ്ചാത്തല വികസനത്തിനായി തുക വകയിരുത്തിയിട്ടുള്ളത്. ആയത് മുൻവർഷങ്ങളിൽ ലഭിച്ചതിൽ നിന്നും കുറവുള്ളതിനാലും ബാലൻസ് ലഭിക്കുന്ന മുറയ്ക്ക് ഭേദഗതി വരുത്താവുന്ന രീതിയിലുമാണ് ബജറ്റിൽ വകയിരുത്തിയിട്ടുള്ളത്. ഗ്രാമീണ റോഡുകളുടെ പുനരുദ്ധാരണ പ്രവർത്തികൾ, പുതിയ റോഡുകളുടേയും നടപ്പാതകളുടേയും നിർമ്മാണ പ്രവർത്തികൾ, തെരുവിളക്കുകളുടെ അറ്റകുറ്റപ്പണികൾ, സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ, ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ തുടങ്ങിയ പദ്ധതികൾക്ക് തുക വകയിരുത്തിയിട്ടുണ്ട്.

ദാരിദ്ര്യലഘൂകരണ പരിപാടിയുടെ ഭാഗമായിട്ടുള്ള മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി കൂടുതല് തൊഴിലവസരങ്ങള് സൃഷ്ടിക്കുന്നതിനായി 5,00,00,000 രൂപ ഈ ബജറ്റില് വകയിരുത്തിയിട്ടുണ്ട്.

നാളിതുവരെ ഗ്രാമപഞ്ചായത്തിന്റെ പദ്ധതി പ്രവർത്തനങ്ങളിലും, ഭരണകാര്യങ്ങളിലും, സേവനങ്ങളിലും സഹകരിച്ച ജനപ്രതിനിധികള്, ജീവനക്കാർ, നിർവഹണ ഉദ്യോഗസ്ഥർ, സാമൂഹ്യ പ്രവർത്തകർ, മാധ്യമ പ്രവർത്തകര് തുടങ്ങി എല്ലാവരേയും നന്ദിപൂർവ്വം സ്മരിച്ചുകൊണ്ട് 61,69,662 രൂപ പ്രാരംഭ ബാക്കി ഉൾപ്പെടെ 25,99,37,662 രൂപ വരവും 25,28,53,000 രൂപ ചെലവും 70,84,662 രൂപ മിച്ചവും പ്രതീക്ഷിക്കുന്ന 2022-2023 സാമ്പത്തിക വർഷത്തെ ബജറ്റ് അംഗീകാരത്തിനായി സമർപ്പിക്കുന്നു.

എന്ന്,

ശ്രീജാകുമാരി
വൈസ് പ്രസിഡന്റ്

ഏറത്ത് ഗ്രാമപഞ്ചായത്ത്